ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര-ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE-ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമോ ബിരുദധാരികളോ ആയ പരിചയ സമ്പന്നരായ നഴ്സമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി ശ്രുപ കൽപ്പന ചെയ്തിട്ടുള്ളതാണ്.

(സി) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)-ന് വേണ്ടി തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

**211 (5014)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ ഏതെല്ലാം ബോർഡുകളുടെ കീഴിലാണ് തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും ഏതുവിധത്തിലാണ് ഇതിന്റെ അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ ;

(ബി) മറ്റു ബോർഡുകളിലും തൊഴിലാളികളുടെ മക്കൾക്ക് വിവരസാങ്കേതിക നിലവാരം വർദ്ധിപ്പിക്കുന്നതിന് പഠനോപകരണങ്ങൾ നൽകുന്നത് വ്യാപിപ്പിക്കുമോ ?

### ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിലേയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട് :

1. ക്ഷേമനിധികളിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് ബോർഡിൽ സജീവ അംഗത്വമുണ്ടായിരിക്കേണ്ടതും അംശദായ കുടിശ്ശിക ഇല്ലാത്തവരുമായിരിക്കണം.

2. കുട്ടികൾ കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന പൊതു പ്രവേശന പരീക്ഷയിലൂടെ സർക്കാർ/സ്വകാര്യ/പ്രൊഫഷണൽ കോളേജുകളിൽ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവരായിരിക്കണം. (എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ബി.എസ്.സി. അഗ്രികൾച്ചർ, വെറ്ററിനറി സയൻസ്, ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. എന്നീ കോഴ്സുകൾക്കും)

3. ദേശീയതലത്തിൽ പൊതു പ്രവേശന പരീക്ഷയിലൂടെ മേൽപ്പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ നേടിയവർ.

4. സംവരണ വിഭാഗങ്ങളിൽ കട്ടാ/മെറിറ്റ് അടിസ്ഥാനത്തിൽ യോഗ്യത നേടിയവർ.

5. ലാപ്ടോപ് വാങ്ങുന്നത് സ്റ്റോർ പർച്ചേസ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം.

6. എല്ലാ ബോർഡുകളിലും പൊതു നിലവാരത്തിലുള്ള അംഗീകൃത ലാപ്ടോപ്പുകളായിരിക്കണം വാങ്ങി നൽകേണ്ടത്.

7. ലാപ്ടോപ്പ് വിതരണത്തിനാവശ്യമായ തുക അതാത് ബോർഡുകൾ തന്നെ വഹിക്കണം.

ഇതിലേയ്ക്ക് അതാത് ബോർഡ് തയ്യാറാക്കിയ നിശ്ചിത അപേക്ഷാഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) സാമ്പത്തികമായി സുസ്ഥിരമായ ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾ ലാപ്ടോപ്പ് വിതരണം ചെയ്യുന്നത് ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly